(ഐ) വകുപ്പ് 5(2) പ്രകാരം നികുതി നൽകാൻ ബാദ്ധ്യസ്ഥനായ വ്യാപാരി നികുതി കുറച്ചു നൽകിയിട്ടുണ്ടെങ്കിൽ യഥാർത്ഥമായ നികുതി ആവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകാൻ നികുതി നിർണ്ണയ ഉദ്യോഗസ്ഥൻ ബാദ്ധ്യസ്ഥനാണ്. അങ്ങനെ നൽകിയിട്ടുള്ള നോട്ടീസുകളുടെ പകർപ്പ് ലഭ്യമല്ല.

(ജെ) 1998-ലെ ധനകാര്യ നിയമം മുഖേന ചേർക്കപ്പെട്ട വകുപ്പ് 5(2) പ്രകാരം നികുതി അടയ്ക്കുവാനുള്ള ബാദ്ധ്യതയെക്കുറിച്ച് യാതൊരുവിധ ആശയക്കുഴപ്പവും നിലനിന്നിരുന്നില്ല. ആയതുകൊണ്ടുതന്നെ യഥാസമയം നികുതി അടയ്ക്കുന്നതിൽ വീഴ്ച വ്യാപാരികളുടെ ഭാഗത്തുനിന്നുണ്ടാകേണ്ടതില്ല.

കെ.ജി.എസ്.റ്റി. ആക്ടിന്റെ ഭേദഗതിമൂലം എസ്.എസ്.ഐ. യൂണിറ്റുകൾക്കുണ്ടാകുന്ന പ്രയാസങ്ങൾ

41 (3250) ശ്രീ. എം. എ. ചന്ദ്രശേഖരൻ :
ശ്രീ. കെ. ബാബു :
ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.ജി.എസ്.റ്റി. ആക്ട് 1998-ന്റെ സെക്ഷൻ 5(2)-ന് ഭേദഗതി വരുത്തിയത് എത്ര എസ്.എസ്.ഐ. യൂണിറ്റുകളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട് ;

(ബി) പ്രസ്തുത യൂണിറ്റുകളുടെ പേരുവിവരം അടങ്ങിയ ലിസ്റ്റ് മേശപ്പുറത്ത് വയ്ക്കുമോ :

(സി) മേൽപ്പറഞ്ഞ യൂണിറ്റുകൾക്ക് കെ.ജി.എസ്.റ്റി. ആക്ടിന്റെ സെക്ഷൻ 45(എ) പ്രകാരം 2002-ൽ നോട്ടീസ് നൽകുന്നതിനുള്ള കാരണം എന്താണ്;

(ഡി) വകുപ്പ് ഉദ്യോഗസ്ഥർക്കും നിയമജ്ഞർക്കും സെക്ഷൻ 5(2)-ന്റെ വ്യാഖ്യാനത്തിലും പ്രാവർത്തികമാക്കലിലും എന്തെങ്കിലും ആശയക്കുഴപ്പം 1998-2002 കാലയളവിൽ ഉണ്ടായിരുന്നുവോ എന്ന് വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത കാര്യത്തിൽ വകുപ്പ് തലത്തിൽ എന്തെങ്കിലും വിശദീകരണം 1998-2002 കാലയളവിൽ പുറപ്പെടുവിച്ചിട്ടുണ്ടോ;

(എഫ്) ഇത്തരം യൂണിറ്റുകൾ ഏപ്രിൽ 1998 മാർച്ച് 2002 കാലയളവിൽ സാധാരണ രീതിയിൽ നികുതി നൽകിയിരുന്നോ;

(ജി) പ്രസ്തുത കാലയളവിൽ ഇതിൽ എത്ര യൂണിറ്റുകൾ സെക്ഷൻ 5(2) പ്രകാരം നികുതി പിരിച്ചിരുന്നുവെന്ന് വ്യക്തമാക്കുമോ;

(എച്ച്) ഏതൊക്കെ യൂണിറ്റുകളാണ് sl കാലയളവിൽ അവർ വാങ്ങി വിറ്റ ട്രേഡിംഗ് ഗുഡ്സിൽ 5(2) പ്രകാരം നികുതി പിരിക്കാതിരുന്നിട്ടുള്ളത്;

(ഐ) ഭൂരിപക്ഷം യൂണിറ്റുകളും 2002 മാർച്ച് വരെ സെക്ഷൻ 5(2) പ്രകാരമുള്ള നികുതി പിരിച്ചിരുന്നില്ല എന്നത് യാഥാർത്ഥ്യമാണോ;

(ജെ) ഇത്തരം യൂണിറ്റുകൾ പ്രതിമാസ റിട്ടേണുകൾ ഫയൽ ചെയ്തപ്പോൾ നികുതി പിരിവിലുള്ള കുറവ് ചൂണ്ടിക്കാണിച്ച് വകുപ്പ് നോട്ടീസ് നൽകിയിട്ടുണ്ടോ; അപ്രകാരം ചെയ്തിട്ടില്ലായെങ്കിൽ അതിനുള്ള കാരണം എന്തായിരുന്നു എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(കെ) പഴയ കാലയളവിലുള്ള വില്പന നികുതി, പലിശ, പിഴപ്പലിശ സഹിതം അടയ്ക്കേണ്ടിവരുമ്പോൾ ഇതിൽ പല സ്ഥാപനങ്ങളും പൂട്ടേണ്ട സ്ഥിതി ഉണ്ടാകും എന്ന കാര്യം കണക്കിലെടുത്ത് ഇത്തരം സ്ഥാപനങ്ങളെ രക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) എസ്.എസ്.ഐ. യൂണിറ്റുകളെ പ്രതികൂലമായി ബാധിച്ചിട്ടില്ല.

(ബി) ചോദ്യം ബാധകമല്ല.

(സി) വില്പന നികുതി നിയമത്തിന്റെ വകുപ്പ് 10 അനുസരിച്ച് വില്പന നികുതി ഇളവുകൾ ലഭ്യമല്ലാത്ത എസ്.എസ്. യൂണിറ്റുകൾ ഒരു ബ്രാന്റ് നെയിമിലോ, ട്രേഡ് മാർക്കോടു കൂടിയോ അല്ലാതെയോ ഒരു ഉല്പന്നം വില്ക്കുകയാണെങ്കിൽ അത്തരം വില്പനയിന്മേൽ നികുതി പിരിക്കാനും സർക്കാരിലേക്ക് അടയ്ക്കാനും ഒന്നാംഘട്ട വിൽപ്പനയെന്ന നിലയിൽ ബാദ്ധ്യസ്ഥരാണ്. അത്തരം വില്പനയിന്മേൽ മതിയായ കാരണം കൂടാതെ നികുതി പിരിച്ച് അടയ്ക്കാത്ത യൂണിറ്റുകൾക്കെതിരെ വകുപ്പ് 45(എ) എ പ്രകാരമുള്ള നടപടികൾ സ്വീകരിക്കാറുണ്ട്.

(ഡി) ആശയക്കുഴപ്പം ഉണ്ടായിട്ടില്ല.

(ഇ&എഫ്) ഇല്ല.

(ജി) കണക്കുകൾ ലഭ്യമല്ല.

(എച്ച്) ഈ വകുപ്പ് രണ്ടാംഘട്ട വിൽപ്പനയിൽ ബാധകമായതിനാൽ കണക്ക് നോക്കി അന്തിമമായി നികുതി നിർണ്ണയം നടത്തുമ്പോൾ മാത്രമേ ബാദ്ധ്യത മനസ്സിലാക്കുവാൻ സാധിക്കുകയുള്ളൂ.

(ഐ) ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ സമർപ്പിച്ചിരുന്ന ഹർജികളിന്മേൽ സ്റ്റേ ഉത്തരവ് ഉണ്ടായിരുന്നതുകൊണ്ട് പല യൂണിറ്റുകളും നികുതി പിരിച്ചിട്ടില്ല.

(ജെ) ഇല്ല. കോടതി സ്റ്റേ നിലനിന്നിരുന്ന കാരണത്താലും ആ സമയത്ത് സത്യസന്ധമായ റിട്ടേണുകൾ ഫയൽ ചെയ്ത് 5(2) വകുപ്പുപ്രകാരമുള്ള വിറ്റുവരവ് പ്രത്യേകം അറിയിക്കാതിരുന്നതുമൂലവും അപ്പപ്പോൾ നോട്ടീസയയ്ക്കാൻ സാധ്യമായിട്ടില്ല. നികുതി ബാദ്ധ്യത നിർണ്ണയിക്കുമ്പോഴോ അന്വേഷണ വിഭാഗത്തിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലോ മാത്രമേ നോട്ടീസ് അയയ്ക്കാൻ പ്രായോഗികമായി സാധിക്കുകയുള്ളൂ.

(കെ) നികുതി പലിശ ഉൾപ്പെടെ അടയ്ക്കേണ്ടിവരുന്നതുമൂലം ഏതെങ്കിലും സ്ഥാപനം പൂട്ടൽ ഭീഷണി നേരിടുന്നതായി അറിവില്ല.

LIBRARY ARCHIVES Kerala Legislative Assembly